പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. T*3331

12.12.2014-ൽ
മറുപടിക്ക്

## തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ശിവദാസൻ നായർ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| എ) | തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി തുക പകുതിപോലും ചെലവഴിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) | മുൻ വർഷത്തെ പദ്ധതിപ്പണ വിനിയോഗ ശതമാനം പോലെ നവംബർ അവസാനിക്കുമ്പോൾ അമ്പതു ശതമാനം വിനിയോഗമുണ്ടായിട്ടില്ല. എന്നാൽ സാമ്പത്തിക വർഷാവസാനത്തോടെ വിനിയോഗം പൂർണമാകുമെന്നു പ്രതീക്ഷിക്കുന്നു. |
| ബി) | ഇത് നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവാരത്തെ ബാധിക്കാതിരിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ; | ബി) | ഇ-ടെണ്ടറിംഗ് ഉൾപ്പെടെയുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ത്വരിതമാകുന്നതോടെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിക്കപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. എസ്റ്റിമേറ്റുകൾ സുഗമ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് തയ്യാറാക്കുന്നത്. ഇല്ലെങ്കിൽ പ്രാദേശിക ഭാഷയിൽ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| സി) | പദ്ധതികൾ സമയബന്ധിതമായി ആവിഷ്ക്കരിക്കുന്നതിനും, പൂർത്തീകരിക്കാനും എന്തൊക്കെ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സി) | പദ്ധതി ആസൂത്രണ നിർവഹണ മാർഗരേഖയിൽ തന്നെ ഇതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച് വർക്കിംഗ് |

ഗ്രൂപ്പുകളുടെ പങ്കാളിത്തത്തോടെ നിർവഹണ കലണ്ടർ തയ്യാറാക്കി നിർദ്ദിഷ്ട ഉദ്യോഗസ്ഥരുടെ ചുമതലയിലാണ് നിർവഹണം നടക്കുന്നത്. ഇതിന് മോണിറ്ററിംഗ് സംവിധാനങ്ങളുമുണ്ട്. നിർമാണ പ്രവൃത്തി സ്ഥലത്ത് വിശദ വിവരങ്ങളടങ്ങിയ ബോർഡ് പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിക്കാനും ജില്ലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനും ഇതിൽ പ്രവൃത്തികളുടെ പുരോഗതിയും കാണിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ